**GAZETTE DATE : 16.12.2024**
**LAST DATE : 15.01.2025**

# CATEGORY NO: 472/2024

Applications are invited online only by 'One Time Registration' from qualified candidates for selection to the under mentioned post. Applications must be submitted Online only through the official website of the Kerala Public Service Commission after "ONE TIME REGISTRATION". Candidates who have already registered can apply through their profile.

1. **Name of Department** : **Fire and Rescue Services**
2. **Name of Post** : **Fire and Rescue Officer (Driver)(Trainee)**

   *Note: Women and Differently abled candidates are not eligible to apply in response to this Notification.*
3. **Scale of Pay** : **₹ 27,900-63,700/-**
4. **Number of vacancies** : **Anticipated**

Note:

(i) The ranked list of candidates published by the Commission in response to this Notification shall cease to be in force after one year from the date of finalization of Rank List. Candidates will be advised from the said list against the vacancies that may be reported and pending before the Commission during the period of the currency of the list.

(ii) The name, age limit and qualification of this post has been prescribed as per G.O.(P) No. 99/88/Home dated 17.08.1988, G.O.(P) No. 181 dated 10.02.1965, G.O.(P) No. 243/2014/Home dated 26.11.2014, G.O.(Ms.) No. 185/2019/Home dated 23.11.2019, GO(P) No. 110/90/Home dated 27.07.1990 etc.

5. **Method of appointment** : **Direct Recruitment**
6. **Age limit** : **18-26**

   Only candidates born between 02.01.1998 and 01.01.2006 (both dates included) are eligible to apply for this post.

   Other Backward Communities, Scheduled caste converts and SC/ST candidates are eligible for usual age relaxation as provided under sub rule (c) of the Rule 10 of the general rules. Other conditions regarding age relaxation are not applicable to this post.
7. **Qualifications:-**

   1) Must have passed Plus Two or its equivalent examination.
   **Preferential: Diploma in Computer Application**

   (Link)
   EQUIVALENT / HIGHER QUALIFICATION

   *Note : (1) KS & SSR Part II Rule 10 (a) (ii) is applicable.*

   *(2) In addition to the qualifications prescribed in the Notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post, in the Special Rules or found acceptable by the Commission in cases where acceptance of equivalent qualifications is provided for in the rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government Orders declaring equivalent/ higher qualifications shall be produced as and when required by the Commission.*

   2) Must possess valid current Motor Driving License with endorsement for driving heavy goods vehicle or heavy passenger vehicles with badge.

   *Note: Candidates shall possess a current valid Driving License throughout all the stages of selection process ie. as on the last date of application, OMR Test, Practical Test, Physical Efficiency test, Interview etc.*

**3) Physical Qualifications**:

*The Candidates must be physically fit and should possess the following minimum physical standards as prescribed below.*

| | | For General Candidates | For SC/ST Candidates |
|---|---|---|---|
| (a) | Height (without Footwear) | 165 cms | 160 cms |
| (b) | Weight | 50 kgs | 48 kgs |
| (c) | Chest | 81 cms | 76 cms |
| (d) | Chest Expansion | 5 cms | 5 cms |

**4) Visual Standards**: (Without Glasses)

Must possess the Visual Standards specified below without glasses.

| | | Right Eye | Left Eye |
|---|---|---|---|
| (a) | Distant Vision | 6/6 Snellen | 6/6 Snellen |
| (b) | Near Vision | 0.5 Snellen | 0.5 Snellen |
| (c) | Field of Vision | Full | Full |

**Note:**

a. Each eye must have full field of vision.

b. Colour Blindness, Squint or any morbid conditions of the eyes or lids of either eye shall be a disqualification for appointment.

c. Must be certified by an Ophthalmologist in Government service, to possess the visual standards specified above without glasses. With that candidates should produce a Medical Certificate issued by a Medical Officer not below the rank of a Civil Surgeon Gr -II as to the candidate's physique, fitness and capacity for rough outdoor work, in original in the following format as and when called for by the Commission.

## FORM OF MEDICAL CERTIFICATE

### Part A

### Standards of Vision

**(To be filled by an Ophthalmologist in Government Service)**

1. Is there any defect of vision?

   If so, has it been corrected by suitable spectacles so that the distant vision is 6/6 snellen and near vision is 0.5 snellen.

2. Can the applicant readily distinguish the pigmentary colours red and green?

3. Does the applicant suffer from any night blindness?

I have this day, medically examined Sri...................................................... (Name and address) and found that he has no defect of vision which would render him unsuitable for the post of Fire and Rescue Officer (Driver) and his standards of vision are as follows.

**Standards of vision**

**(Eye sight without glasses)**

| | | Right Eye | Left Eye |
|---|---|---|---|
| 1) | Distant Vision | ……………… Snellen | ……………… Snellen |
| 2) | Near Vision | ……………… Snellen | ……………… Snellen |
| 3) | Field of Vision | ………………………………… | |

(Specify whether full or not. Entry ‘Normal’, ‘Good’ etc. will be inappropriate here)

4) Colour Blindness ………………………………….

5) Squint …........................

6) Any morbid conditions of the Eyes or lids of either eye ………………………

His standards of vision are fit for the post of Fire and Rescue Officer (Driver)

I certify to the best of my knowledge and belief that the applicant Sri…………………….. is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Ophthalmologist shall be affixed on the photograph leaving the face clear)

| PHOTO OF THE CANDIDATE |
|---|

Place: Signature
Date: Name & Designation of Medical Officer

*Office Seal*

Note: Details regarding standards of vision should be clearly stated in the Certificate as given above and vague statement such as "Vision Normal/Good/Average" will not be accepted. Specification for each eye should be stated separately against each item. If the specifications are not as indicated above, the officer issuing the Certificate should certify whether the candidate has got better standards of vision or worse standards of vision as the case may be, otherwise the Certificate will not be accepted.

## Part B

## PHYSICAL FITNESS FOR THE POST OF FIRE AND RESCUE OFFICER (DRIVER)

***(To be filled up by a Medical Officer not below the rank of an Civil Surgeon Gr.II)***

1. What is the applicant's apparent age ?

2. Is the applicant to the best of your judgment, subject to epilepsy, vertigo or any mental ailment likely to affect his efficiency ?

3. Does the applicant suffer from any heart or lungs disorder which might interfere with the performance of his duties as a Fire and Rescue Officer (Driver)?

4. Does the applicant suffer from any degree of deafness, which would prevent him hearing the ordinary sound signals ? Is his hearing perfect ?

5. Has the applicant any deformity or loss of finger, which would interfere with the efficient performance of his duties as a Fire and Rescue Officer (Driver) ?

6. State of Muscles and Joints (No paralysis and all joints with free movements)

7. State of Nervous System (Perfectly normal and free from any infectious diseases)

8. Does he show any evidence of being addicted to the extensive use of alcohol, tobacco or psychotropic substances ?

9. Marks of Identification 1).............................

   2)............................

He is physically fit for the post of Fire and Rescue Officer (Driver)

I certify to the best of my knowledge and belief that the applicant Sri................................. is the person herein above described and that the attached photograph has a reasonably correct likeness.

(The signature of the Medical officer shall be affixed on the photograph leaving the face clear).

| Photo of the candidate |
|---|

*Signature:*
*Name :*
*Designation &*
*Official Address*

*Place:*
*Date:*

***(Office Seal)***

5) Physical Efficiency Test :-

Candidates must qualify in at least 5 out of 8 items in the National physical efficiency One Star Standard test. (Showing the minimum standards of efficiency as noted below)

| Sl. No | Items | Minimum Standards of efficiency |
|---|---|---|
| 1. | 100 Meters run | 14 Seconds |
| 2. | High Jump | 132.20 cms |
| 3. | Long Jump | 457.20 cms |
| 4. | Putting the Shot (7264 gms) | 609.60 cms |
| 5. | Throwing the cricket ball | 6096 cms |
| 6. | Rope Climbing (only with hands) | 365.80 cms |
| 7. | Pull Up or Chinning | 8 times |
| 8. | 1500 metres race | 5 minutes and 44 seconds |

<u>Note:</u>-

(i) The Physical Measurement of the candidates will be taken prior to the Physical Efficiency Test and those who do not possess the prescribed Physical Measurements will not be admitted for the Physical Efficiency Test.

(ii) If accidents or injuries happen to a candidate while attending in the Physical Efficiency Test, he will not be given further chance to participate in the test.

(iii) The proficiency in driving will be tested by a practical test conducted by the Commission.

**8. Preferential:-**

Other conditions being equal, the Home Guard Volunteers who have completed a tenure of three years in that organizations and who have satisfactorily undergone training in Fire Fighting during the period of tenure shall be treated as having preferential qualification for direct recruitment to this post.

**9. Probation:-**

Every person appointed to the post shall from the date on which he joins duty after he completes the training and examination will be on probation for a period of two years on duty within a continuous period of three years.

**10. Training:-**

(i) Candidates selected should undergo a course of training for a period of 4 months in the State Fire Service Training School, and pass the examination in the subject prescribed for the course.

(ii) A written and practical test will be conducted at the close of training. Those who fails to qualify themselves at the test, will have their training extended for a period of one month, at the end of which they shall be tested again in the subjects in which they have failed. Those who fail to qualify themselves in the re-test shall be discharged from the service.

(iii) Seniority among Recruits, who have qualified in the test conducted by Fire and Rescue Services Academy shall be determined on the basis of effective advice of KPSC and they shall be appointed to service on the basis of seniority list, only after completion of successful training.

11. **Bond**:-

Person appointed by direct recruitment to the post of Fire and Rescue Officer (Driver) shall execute a bond, binding himself to service in the Department for a period of five years and to pay to Government an amount as prescribed by Government, in case of failure to serve in the Department for the said post.

12. **Mode of submitting applications:-**

(A) Candidates shall register as per 'ONE TIME REGISTRATION ' system on the Official Website of Kerala Public Service Commission 'www.keralapsc.gov.in' for applying for the post. Candidates who have registered shall apply by logging on to their profile using their User-ID and password. Candidates shall click on the 'Apply Now' button of the respective posts in the Notification link for applying for a post. The candidate who have created new profile should upload photograph which is taken within six months. Name of the candidate and date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before applying for a post, candidates must ensure correctness of the information in their profile. They must quote the User- ID for further communication with the Commission. Applications once submitted will be received as provisional and particulars cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** Applications submitted not in accordance with the conditions of the notification will be summarily rejected if non compliance with the notification is found in due course of processing. Original documents to prove qualification, experience, community, age, etc., have to be produced as and when called for.

(B) If written/OMR/Online Test is conducted as part of this selection, candidates possessing requisite qualification as per Para 7 above alone shall submit a Confirmation for writing the examination through their One Time Registration profiles. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The application of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phones registered in it.

(C) The Examination Schedule and the Syllabus will be notified separately.

(D) The Tentative Schedule of the Physcial Efficiency test will be published on 15$^{th}$ January 2025

(E) Candidates who have AADHAAR card should add AADHAAR card as ID Proof in their profile.

13. **Last date for submission of applications: 15.01.2025 Wednesday** upto 12 Midnight.

14. Address to which applications are to be submitted: - www.keralapsc.gov.in

15. **Special Instructions to candidates:-**

(A) In the case of difference in caste/ community claimed in the application and that entered in SSLC book, the candidate shall produce a Gazette notification in this regard, along with Non Creamy Layer Certificate/ Community Certificate at the time of Certificate Verification.

(B) Candidates are required to acquaint themselves with the instructions given in the notification as Part-II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

(C) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc., and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/ practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

(For details including photo, ID card etc., refer the General Conditions given in Part II of the Gazette Notification)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 472/2024

(നേരിട്ടുള്ള നിയമനം)

താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്.

1. **വകുപ്പ്** : **ഫയർ ആന്റ് റെസ്ക്യൂ സർവീസസ്**
2. **ഉദ്യോഗപ്പേര്** : **ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ (ഡ്രൈവർ)(ട്രെയിനി)**

   കുറിപ്പ്:- വനിതകളും ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളും ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ അർഹരല്ല.
3. **ശമ്പളം** : **₹ 27,900 – 63,700/–**
4. **ഒഴിവുകളുടെ എണ്ണം** : **പ്രതീക്ഷിത ഒഴിവുകൾ**

**കുറിപ്പ്** i:- ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷമായിരിക്കും. കമ്മീഷന് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്കും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

ii:- G.O.(P) No. 99/88/Home dated 17.08.1988, G.O.(P) No. 181 dated 10.02.1965, G.O.(P) No. 243/2014/Home dated 26.11.2014, G.O.(Ms.) No. 185/2019/Home dated 23.11.2019, G.O (P) No. 110/90/Home dated 27.07.1990, തുടങ്ങിയ സർക്കാർ ഉത്തരവുകളെ അടിസ്ഥാനമാക്കിയാണ് തസ്തികയുടെ പേര്, പ്രായ പരിധി, യോഗ്യത എന്നിവ വിജ്ഞാപനം ചെയ്തിരിക്കുന്നത്.

5. **നിയമനരീതി** : നേരിട്ടുള്ള നിയമനം
6. **പ്രായപരിധി** : **18 –26**

   ഉദ്യോഗാർത്ഥികൾ 02.01.1998 –നും 01.01.2006–നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

   മറ്റ് പിന്നോക്ക വിഭാഗത്തിൽ പ്പെട്ടവർക്കും പട്ടികജാതിയിൽ നിന്നും മത പരിവർത്തനം ചെയ്യപ്പെട്ടവർക്കും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തി ലുള്ളവർക്കും ജനറൽ റൂൾസിലെ റൂൾ 10 (സി) അനുസരിച്ചിട്ടുള്ള നിയമാനുസൃത ഇളവുണ്ടായിരിക്കും . വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾ ഈ തസ്തികയ്ക്ക് ബാധകമല്ല.
7. **യോഗ്യതകൾ:**

   1) പ്ലസ് ടു അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ ജയിച്ചിരിക്കണം

   കംപ്യൂട്ടർ ആപ്ലിക്കേഷനിലുള്ള ഡിപ്ലോമയുള്ളവർക്ക് മുൻഗണന നൽകുന്നതായിരിക്കും.

(Link)

EQUIVALENT / HIGHER QUALIFICATION

**കുറിപ്പ്:**-(i) KS & SSR Part II Rule 10(a)(ii) ബാധകമാണ്.

(ii) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ

കമ്മീഷൻ ആവശ്യപ്പെടുന്നസമയത്ത് ഹാജരാക്കേണ്ടതാണ്.

2) ഹെവി പാസഞ്ചർ വാഹനങ്ങളോ ഹെവി ഗുഡ്സ് വാഹനങ്ങളോ ഓടിക്കുന്നതിന് എൻഡോഴ് സ്മെന്റ് ഉൾപ്പെടെ നിലവിലുളള സാധുവായ മോട്ടോർ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം.

**കുറിപ്പ്:-**

അപേക്ഷ അയയ്ക്കേണ്ട അവസാന തീയതി, ഒ.എം.ആർ പരീക്ഷ, പ്രായോഗിക പരീക്ഷ, കായികക്ഷമതാ പരീക്ഷ, ഇൻർവ്യൂ ഉടങ്ങി എല്ലാ തെരഞ്ഞെടുപ്പ് ഘട്ടങ്ങളിലും ഉദ്യോഗാർത്ഥിക്ക് നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

3) ശാരീരിക യോഗ്യതകൾ:

ഉദ്യോഗാർത്ഥികൾ ശാരീരിക ക്ഷമതയുള്ളവരും കുറഞ്ഞത് താഴെപ്പറയുന്ന ശാരീരിക യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതുമാണ്.

| | | പൊതു വിഭാഗം | പട്ടികജാതി/പട്ടികവർഗ്ഗം |
|---|---|---|---|
| (a) | ഉയരം (പാദരക്ഷകളില്ലാതെ) | 165 സെ.മീ | 160 സെ.മീ |
| (b) | തൂക്കം | 50 കി.ഗ്രാം | 48 കി.ഗ്രാം |
| (c) | നെഞ്ചളവ് | 81 സെ.മീ | 76 സെ.മീ |
| (d) | നെഞ്ച് വികാസം | 5 സെ.മീ | 5 സെ.മീ |

4) കാഴ്ചശക്തി: കണ്ണട കൂടാതെ തന്നെ താഴെ പറയുന്ന രീതിയിൽ കാഴ്ചശക്തി ഉണ്ടായിരിക്കണം.

| | | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|---|
| (എ) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| (ബി) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| (സി) | ഫീൽഡ് ഓഫ് വിഷൻ | പൂർണ്ണം | പൂർണ്ണം |

**കുറിപ്പ് 1 :-**

എ. ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം.

ബി. വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ അനാരോഗ്യകരം ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

**കുറിപ്പ് 2:-** മുകളിൽ പറയുന്ന വിധത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തി ഉള്ളതായി ഗവണ്മെന്റ് സർവ്വീസിലുള്ള ഒഫ്ത്താൽ-മോളജിസ്റ്റ് സാക്ഷ്യപ്പെടുത്തിയിരിക്കണം. കായികശേഷി, ആയാസകരമായ ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി ഇവ സംബന്ധിച്ച് രണ്ടാം ഗ്രേഡ് സിവിൽ സർജന് താഴെയല്ലാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേ-ണ്ടതാണ്.

## FORM OF MEDICAL CERTIFICATE

### Part A

### Standards of Vision

**(To be filled by an Ophthalmologist in Government Service)**

1. Is there any defect of vision?

   If so, has it been corrected by suitable spectacles so that the distant vision is 6/6 snellen and near vision is 0.5 snellen.

2. Can the applicant readily distinguish the pigmentary colours red and green?

3. Does the applicant suffer from any night blindness?

I have this day, medically examined Sri...................................................... (Name and address) and found that he has no defect of vision which would render him unsuitable for the post of Fire and Rescue Officer (Driver) and his standards of vision are as follows.

**Standards of vision**
**(Eye sight without glasses)**

| | | Right Eye | Left Eye |
|---|---|---|---|
| 1) | Distant Vision | …………….. Snellen | …………….. Snellen |
| 2) | Near Vision | …………….. Snellen | …………….. Snellen |
| 3) | Field of Vision | ………………………………. | |
| | (Specify whether full or not. Entry 'Normal', 'Good' etc. will be inappropriate here) | | |
| 4) | Colour Blindness | ………………………………. | |
| 5) | Squint | ….............................................. | |
| 6) | Any morbid conditions of the Eyes or lids of either eye ……………………… | | |

His standards of vision are fit for the post of Fire and Rescue Officer (Driver)

I certify to the best of my knowledge and belief that the applicant Sri……………………. is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Ophthalmologist shall be affixed on the photograph leaving the face clear)

PHOTO OF THE CANDIDATE

Place: Signature
Date: Name & Designation of Medical Officer

*Office Seal*

Note: Details regarding standards of vision should be clearly stated in the Certificate as given above and vague statement such as "Vision Normal/Good/Average" will not be accepted. Specification for each eye should be stated separately against each item. If the specifications are not as indicated above, the officer issuing the Certificate should certify whether the candidate has got better standards of vision or worse standards of vision as the case may be, otherwise the Certificate will not be accepted.

**Part B**

**PHYSICAL FITNESS FOR THE POST OF FIRE AND RESCUE OFFICER (DRIVER)**

***(To be filled up by a Medical Officer not below the rank of a Civil Surgeon Gr.II)***

1. What is the applicant's apparent age ?

2. Is the applicant to the best of your judgment, subject to epilepsy, vertigo or any mental ailment likely to affect his efficiency ?

3. Does the applicant suffer from any heart or lungs disorder which might interfere with the performance of his duties as a Fire and Rescue Officer (Driver)?

4. Does the applicant suffer from any degree of deafness, which would prevent him hearing the ordinary sound signals ? Is his hearing perfect ?

5. Has the applicant any deformity or loss of finger, which would interfere with the efficient performance of his duties as a Fire and Rescue Officer (Driver) ?

6. State of Muscles and Joints (No paralysis and all joints with free movements)

7. State of Nervous System (Perfectly normal and free from any infectious diseases)

8. Does he show any evidence of being addicted to the extensive use of alcohol, tobacco or psychotropic substances ?

9. Marks of Identification 1)............................

2)............................

He is physically fit for the post of Fire and Rescue Officer (Driver)

I certify to the best of my knowledge and belief that the applicant Sri................................ is the person herein above described and that the attached photograph has a reasonably correct likeness.

(The signature of the Medical Officer shall be affixed on the photograph leaving the face clear).

Photo of the candidate

*Signature:*
*Name :*
*Place:* *Designation &*
*Date:* *Official Address*

*(Office Seal)*

5) <u>കായികക്ഷമതാ പരീക്ഷ:</u>

ഉദ്യോഗാർത്ഥികൾ നാഷണൽ വൺ സ്റ്റാർ സ്റ്റാൻഡേർഡിലുള്ള കായികക്ഷമതാ പരീക്ഷയിൽ താഴെ കൊടുത്തിരിക്കുന്ന 8 ഇനങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | യോഗ്യത |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.20 സെ.മീ. |
| 3. | ലോംഗ് ജംപ് | 457.20 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീ. |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ. |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7. | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

കുറിപ്പ്:

(i) ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി എടുക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയ്ക്ക് പങ്കെടുപ്പിക്കുന്നതല്ല.

(ii) കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

(iii) ഡ്രൈവിംഗ് പ്രാവീണ്യം തെളിയിക്കുന്നതിന് കമ്മീഷൻ പ്രായോഗിക പരീക്ഷ നടത്തുന്നതാണ്.

8. മുൻഗണന:-

മറ്റ് വ്യവസ്ഥകൾ തുല്യമാകുന്നപക്ഷം ഹോംഗാർഡായി മൂന്നുവർഷക്കാലം സേവനം പൂർത്തിയാക്കുകയും പ്രസ്തുത കാലയളവിൽ ഫയർ ഫൈറ്റിംഗിന്റെ പരിശീലനം വിജയകരമായി പൂർത്തിയാക്കുകയും ചെയ്ത ഹോം ഗാർഡ് വോളന്റിയർമാർക്ക് ഈ തസ്തികയുടെ നിയമനത്തിന് മുൻഗണന നൽകുന്നതാണ്.

9. പ്രൊബേഷൻ:-

ഈ തസ്തികയിൽ നിയമിതനാകുന്ന ഓരോ ഉദ്യോഗാർത്ഥിയും ട്രെയിനിംഗും പരീക്ഷയും പൂർത്തിയാക്കിയ ശേഷം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

10. ട്രെയിനിംഗ്:-

(i) സ്റ്റേറ്റ് ഫയർ സർവ്വീസ് ട്രെയിനിംഗ് സ്കൂളിലോ അതിനായി നിശ്ചയിച്ചിരിക്കുന്ന മറ്റ് ഏതെങ്കിലും സ്ഥാപനത്തിലോ നാല് മാസത്തെ പരിശീലനം പൂർത്തിയാക്കേണ്ടതും, അതിനു ശേഷം പരിശീലനത്തിന് അനുശാസിച്ചിട്ടുള്ള വിഷയങ്ങളിൽ പരീക്ഷ പാസ്സാകേണ്ടതുമാണ്.

(ii) ട്രെയിനിംഗ് കാലയളവിന്റെ അവസാനം ഒരു എഴുത്തു പരീക്ഷയും ഒരു പ്രായോഗിക പരീക്ഷയും നടത്തുന്നതും അവയിൽ പരാജയപ്പെടുന്നവരുടെ ട്രെയിനിംഗ് ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതും അവർ പരാജയപ്പെട്ട വിഷയങ്ങളിൽ വീണ്ടും ടെസ്റ്റ് നടത്തുന്നതുമാണ്. പുനഃപരീക്ഷയിൽ പരാജയപ്പെടുന്നവരെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതാണ്.

(iii) പരിശീലനം വിജയകരമായി പൂർത്തിയാക്കുകയും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമി നടത്തുന്ന ടെസ്റ്റ് യോഗ്യത നേടുകയും ചെയ്ത ട്രെയിനികളെ കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയ നിയമന ശിപാർശാ മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ സേവനത്തിലേക്ക് നിയമിക്കുന്നതാണ്.

11. ബോണ്ട്:

ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ പരിശീലനത്തിനു ശേഷം കുറഞ്ഞത് 5 വർഷം നിർബന്ധമായും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ സേവനം അനുഷ്ഠിക്കേണ്ടതാണ്. അതിനു കഴിയാതെ വന്നാൽ സംസ്ഥാന ഗവണ്മെന്റ് നിശ്ചയിക്കുന്ന തുക സംസ്ഥാന ഗവൺമെന്റിലേക്ക് ഒടുക്കാമെന്ന് കാണിക്കുന്ന ഒരു ബോണ്ട് നിയമന സമയത്ത് നൽകേണ്ടതാണ്.

12. **അപേക്ഷ സമർപ്പിക്കുന്ന രീതി:**

(A) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. ആദ്യമായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ**

**പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(B) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ/ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ ഖണ്ഡിക 7 പ്രകാരമുള്ള യോഗ്യതയുള്ള അപേക്ഷകർ മാത്രം പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാക്കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

(c) പരീക്ഷാ ഷെഡ്യൂളും സിലബസും പ്രത്യേകം വിജ്ഞാപനം ചെയ്യുന്നതാണ്.

(D) **കായികക്ഷമതാ പരീക്ഷയുടെ Tentative Schedule 2025 ജനുവരി 15 ന് പ്രസിദ്ധീകരിക്കുന്നതാണ്.**

(E) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

**13.** അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **: 15.01.2025 ബുധനാഴ്ച** രാത്രി 12 മണി വരെ.

**14.** അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ് : www.keralapsc.gov.in

**15. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ:**

(A) ഉദ്യോഗാർത്ഥി എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായ ജാതി/സമുദായം അപേക്ഷയിൽ അവകാശപ്പെടുന്ന പക്ഷം റവന്യൂ അധികാരി നൽകുന്ന നോൺക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

(B) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതു വ്യവസ്ഥകൾ കൂടി വായിച്ചു മനസിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

(C) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ Rules of Procedure Rule 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ സ്ഥിരമായോ ഒരു നിശ്ചിത കാലത്തേക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്തു പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ടു കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

(ഫോട്ടോ, ഐ.ഡി കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നോക്കുക).

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ